നമ്പർ: 260/2024

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
ആഴമായ ദൈവാശ്രയത്തോടെ പരിശുദ്ധ സഭയ്ക്ക് സുധീരമായ നേതൃത്വം നൽകിയ ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സിലെ 28-ാം ഓർമ്മപ്പെരുന്നാൾ **നവംബർ 7, 8 (വ്യാഴം, വെള്ളി)** തീയതികളിൽ പരിശുദ്ധ പിതാവ് കബറടങ്ങിയിരിക്കുന്ന ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ ആചരിക്കുകയാണ്. പെരുന്നാൾ ശുശ്രൂഷകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. 7-ാം തീയതി വ്യാഴാഴ്ച സന്ധ്യാപ്രാർത്ഥനയിലും, 8-ാം തീയതി വെള്ളിയാഴ്ച വി. മൂന്നിന്മേൽ കുർബ്ബാനയിലും നിങ്ങളേവരും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗൃഹീതരാകണമെന്ന് നാം സ്നേഹപൂർവ്വം അറിയിക്കുന്നു. പരിശുദ്ധ സഭയുടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും പരിരക്ഷിച്ച് സഭയുടെ ഉന്നമനത്തിനായി അഹോരാത്രം പ്രയത്നിച്ച മഹാത്യാഗിയായിരുന്ന ആ പുണ്യപിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിക്കുവാൻ സഭാമക്കളായ ഏവർക്കും കടമയുണ്ട് എന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

വാത്സല്യ മക്കളെ, ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കബറടങ്ങിയിരിക്കുന്ന ഭാഗ്യസ്മരണാർഹരായ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ, ബസേലിയോസ് ഔഗേൻ പ്രഥമൻ, ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ, ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ എന്നീ പരിശുദ്ധ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ, ദേവലോകം പെരുന്നാൾ എന്ന നിലയിൽ **2025 ജനുവരി 2, 3 (വ്യാഴം, വെള്ളി)** തീയതികളിൽ നടത്തപ്പെടുകയാണല്ലോ. പരിശുദ്ധ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ആലോചിക്കുന്നതിനായി കോട്ടയം, കോട്ടയം സെൻട്രൽ, കുന്നംകുളം, കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്, ചെങ്ങന്നൂർ, നിരണം എന്നീ മെത്രാസനങ്ങളിലെ പള്ളികളിലെ വൈദികരുടെയും, കൈസ്ഥാനികളുടെയും, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും, താത്പര്യമുള്ള മറ്റ് വ്യക്തികളുടെയും ഒരു യോഗം **2024 നവംബർ മാസം 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30-ന്** നമ്മുടെ അദ്ധ്യക്ഷതയിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് കൂടുന്നതാണ്. ഇടവക വികാരിമാരും മറ്റ് ബന്ധപ്പെട്ടവരും നിർബന്ധമായും ഈ യോഗത്തിൽ വന്ന് സംബന്ധിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 ഒക്ടോബർ മാസം 14-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും